## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 809. 28/02/2018 -ലെ മറുപടിക്ക്.

## തൊഴിൽ നൈപുണ്യ വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. മുരളീധരൻ:** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 2016-17, 2017-18 കാലയളവിൽ തൊഴിൽ നൈപുണ്യ വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായ ഫണ്ടുകളെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ; | (എ) 2016-17 സാമ്പത്തിക വർഷത്തിൽ 80,02,25,264/- രൂപയും 2017 -18 സാമ്പത്തിക വർഷത്തിൽ 35,81,00,000/- രൂപയും ആർ എസ് ബി വൈ പദ്ധതിക്കുവേണ്ടി കേന്ദ്ര വിഹിതമായി ചിയാക്കിന് ലഭിച്ചിട്ടുണ്ട്.<br>വ്യാവസായിക പരിശീലന വകുപ്പിന് ലഭിച്ച ഫണ്ട് സംബന്ധിച്ച വിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളെക്കുറിച്ചുള്ള വിശദവിവരം അറിയിക്കാമോ? | (ബി) 2016 -17 സാമ്പത്തിക വർഷത്തിൽ 74,15,92,112/- രൂപ വിനിയോഗിക്കുകയും, 2017-18 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തിലെ ചിലവാകാത്ത 5,86,33,152/- രൂപയും ചേർത്ത് 41,67,33,152/- രൂപ ചിയാക്ക് ചെലവാക്കിയിരിക്കുന്നു.<br>വ്യാവസായിക പരിശീലന വകുപ്പിന് ലഭിച്ച ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകകളെക്കുറിച്ചുള്ള വിശദവിവരം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. |

Sd/-
സെക്ഷൻ ഓഫീസർ

**അനുബന്ധം 'എ'**

1) 2016-17 സാമ്പത്തിക വർഷം കളമശ്ശേരി ഐ.ടി.ഐയെ മോഡൽ ഐ.ടി.ഐ ആയി ഉയർത്തുന്ന പദ്ധതിക്കായി കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവിന്റെ 2-ാം ഭാഗമായി 175 ലക്ഷം രൂപ ലഭിച്ചിരുന്നു.

2) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ രാജ്യത്തെ 1396 ഗവ. ഐ.ടി.ഐകളുടെ നിലവാരമുയർത്തൽ പദ്ധതിയുടെ ഭാഗമായി 2016-17 വർഷത്തിൽ 6 ലക്ഷം രൂപ അഡ്മിനിസ്ട്രേറ്റീവ് എക്സ്പൻസായി ലഭിച്ചു.

3) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ സൊസൈറ്റി ഫോർ സ്കിൽ ഡവലപ്പ്മെൻറ് ഇനിഷ്യേറ്റീവ് സ്കീമിന് 2016-17-ൽ 1.81 കോടി രൂപ ലഭ്യമായിട്ടുണ്ട്.

4) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൗശൽ വികാസ് യോജന നടപ്പിലാക്കുന്നതിനായി കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡുവായി 2017-18 വർഷം 4.62 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചു കിട്ടിയിട്ടുണ്ട്.

Sreedev

സെക്ഷൻ ഓഫീസർ

**അനുബന്ധം 'ബി'**

1) കളമശ്ശേരി ഐ.ടി.ഐയെ മോഡൽ ഐ.ടി.ഐ ആയി ഉയർത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി അനുവദിച്ച 175 ലക്ഷം രൂപയിൽ നിന്ന് തുക ചെലവായിട്ടില്ല. ടി പദ്ധതി ഒരു തുടർ പദ്ധതിയായതിനാൽ പദ്ധതിക്കാലാവധി അവസാനിക്കുന്ന സെപ്റ്റംബർ 2018-നകം തുക ചെലവഴിച്ചാൽ മതിയാകും.
2) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 ഗവ. ഐ.ടി.ഐകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ 2016-17-ൽ 3.02 ലക്ഷം രൂപയും, 2017-18-ൽ 2.43 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.
3) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ സൊസൈറ്റി ഫോർ സ്കിൽ ഡവലപ്പ്മെൻറ് ഇനിഷ്യേറ്റീവ് സ്കീമിന് 2016-17-ൽ 1.05 കോടി രൂപ ചെലവായിട്ടുണ്ട്. ടി പദ്ധതിക്കായി 2017-18-ൽ 80 ലക്ഷം രൂപ ചെലവായിട്ടുണ്ട്. അധികം ചെലവായ തുക പലിശ ഇനത്തിൽ നിന്നും ലഭ്യമായിട്ടുള്ളതാണ്
4) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൗശൽ വികാസ് യോജന നടപ്പിലാക്കുന്നതിനായി കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡുവായി 4.62 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ച കിട്ടിയിട്ടുണ്ട്. ടി പദ്ധതിക്കുള്ള ശീർഷകം അനുവദിച്ച കിട്ടുന്ന മുറയ്ക്ക് തുക ചെലവഴിക്കാൻ കഴിയുന്നതാണ്.

Sreedevi
സെക്ഷൻ ഓഫീസർ